**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് – കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - കേരളത്തിലെ എല്ലാ സർവ്വകലാശാലകളുടേയും വാർഷിക ധനകാര്യപത്രിക എയിംസിലൂടെ (AIMS) സമർപ്പിക്കുന്നത് 2017-18 സാമ്പത്തിക വർഷം മുതൽ നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ (കൈ) നം.79/2017/ധന** **തിരുവനന്തപുരം, തീയതി : 14.02.2017**

പരാമർശം:- 1. 24.02.2011 ലെ സ.ഉ(സാധാ) നം.1366/2011/ധന

2. 29.02.2016 ലെ സ.ഉ(സാധാ) നം.1898/2016/ധന

**ഉത്തരവ്**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് സംബന്ധമായ പ്രവർത്തനങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി എയിംസ് സോഫ്റ്റ്-വെയർ നടപ്പിലാക്കുന്നതിന് പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു. അതിന്റെ ഭാഗമായി ഓഡിറ്റ് ചെയ്യപ്പെടുന്ന സ്ഥാപനങ്ങളുടെ വാർഷിക ധനകാര്യ പത്രികകൾ എയിംസ് മുഖേന ഇ-സബ്മിഷൻ നടത്തുന്നത് സംബന്ധിച്ച് 28.12.2015 ൽ ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേംബറിൽ ചേർന്ന അവലോകന യോഗത്തിൽ സർവ്വകലാശാലകളുടെ കണക്കുകൾ വകുപ്പിന് സമർപ്പിക്കുന്നത് സമന്വയിപ്പിക്കുന്നതിനും വാർഷിക ധനകാര്യപത്രികയുടെ സമർപ്പണം സുഗമമാക്കുന്നതിനുമായി ഒരു ഏകീകൃത ഫോർമാറ്റ് രൂപീകരിക്കുവാനും തീരുമാനിക്കുകയുണ്ടായി. ആയതിന് പരാമർശം രണ്ടിലെ ഉത്തരവ് പ്രകാരം രൂപീകരിച്ച സ്റ്റാൻഡേർഡൈസേഷൻ കമ്മിറ്റി എല്ലാ സർവ്വകലാശാലകളുടേയും ഫിനാൻസ് ഓഫീസർമാരുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് 'F2' ലെവലിൽ ഒരു പൊതുഫോർമാറ്റ് രൂപീകരിക്കുകയും 09.09.2016 -ൽ ചേർന്ന സ്റ്റാൻഡേർഡൈസേഷൻ കമ്മിറ്റിയുടെ അഞ്ചാമത് യോഗത്തിൽ സർവ്വകലാശാലകളുടെ കണക്കുകൾ എയിംസിലൂടെ സമർപ്പിക്കുന്നതിന് ടി ഫോർമാറ്റ് സ്വീകരിക്കാവുന്നതാണെന്ന് നിർദ്ദേശിക്കുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻ പ്രകാരം കേരളത്തിലെ എല്ലാ സർവ്വകലാശാലകളുടേയും വാർഷിക ധനകാര്യപത്രിക എയിംസിലൂടെ (AIMS) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുന്നതിനായി അനുബന്ധമായി ചേർത്തിരിക്കുന്ന ഏകീകൃത ഫോർമാറ്റ് സ്വീകരിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം, 1996 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം എന്നിവ അനുശാസിക്കുന്ന പ്രകാരവും കെ.എഫ്.സി വാല്യം I, ആർട്ടിക്കിൾ 209, 210 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും സർവ്വകലാശാലകളുടെ കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതോടൊപ്പം 2017-18 സാമ്പത്തിക വർഷം മുതൽ എല്ലാ സർവ്വകലാശാലകളും തങ്ങളുടെ വാർഷിക ധനകാര്യ പത്രിക ഈ ഏകീകൃത ഫോർമാറ്റ് പ്രകാരം എയിംസിലൂടെ (AIMS) നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എ.എം.ജാഫർ

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

To

രജിസ്ട്രാർ

മഹാത്മാഗാന്ധി സർവകലാശാല

പുറത്തെഴുത്ത് നം.3939/എ.3/2/2017/ഭ.വി. തീയതി : 28/06/2017

മിനിറ്റ്സ് ഇനം നം.30/17.07/171495 തീയതി 05/06/2017 അനുസരിച്ച് സർക്കാർ ഉത്തരവ് (കൈ) നം.79/2017/ധന. തീയതി 14/02/2017 മഹാത്മാഗാന്ധി സർവകലാശാലയിൽ നടപ്പിലാക്കുവാൻ സിൻഡിക്കേറ്റ് തീരുമാനിച്ചിരിക്കുന്നു. ഇതിൻപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു

ഒപ്പ്

ശ്രീലത എൻ

അസിസ്റ്റൻറ് രജിസ്ട്രാർ I (ഭ.വി.)

രജിസ്ട്രാർക്കു വേണ്ടി

1) വൈസ് ചാൻസിലർ/പ്രോ-വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ.
2) രജിസ്ട്രാർ./എഫ്.ഒ./ സി.ഇ. എന്നിവരുടെ പേഴ്സണൽ അസിസ്റ്റൻറുമാർ.
3) എ ആർ II/ഡി ആർ II/ജെ ആർ ഫിനാൻസ്, ഫിനാൻസ് 4
4) ജോയിൻറ് ഡയറക്ടർ, .
   കേരള സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെൻറ്,
   മഹാത്മാഗാന്ധി സർവകലാശാല
5) എ.ആർ.I/ഡി.ആർ.I/ജെ.ആർ.I (ഭ.വി.)/എ.സി.സി.സെക്ഷൻ
6) പി.ആർ.ഒ./സിസ്റ്റം അഡ്മിനിസ്ട്രേഷൻ/സി.എം.എസ്.
   (വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിനായി).
7) സ്റ്റോക്ക് ഫയൽ/റെക്കോർഡ്സ് സെക്ഷൻ.
8) ഫയൽ കോപ്പി.

ഫയൽ നം.എ.ഡി.എ.III/2/556 /2011/ഭ.വി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ